പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1965 — 17.03.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാനക്കാരുടെ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് ജോലി ആവശ്യാർത്ഥം എന്ന വ്യാജേന എത്തുന്ന അന്യസംസ്ഥാനക്കാർ മയക്കമരുന്ന്, മോഷണം, മറ്റ് ഗുരുതര കുറ്റകൃത്യങ്ങൾ എന്നിവയിലേർപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റെയിൽവേ സ്റ്റേഷനുകളിൽ ഇവരുടെ പക്കലുള്ള നിരോധിത വസ്തുക്കൾ പരിശോധിക്കുന്നതിനും ഇത്തരക്കാരെ നിരീക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; | (ബി) റെയിൽവേ പോലീസ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ലോക്കൽ പോലീസ് എന്നിവർ അന്യസംസ്ഥാനക്കാരെ നിരീക്ഷിക്കുന്നുണ്ട്. സംശയമുള്ള സാഹചര്യത്തിൽ ബാഗേജുകളും പരിശോധിക്കുന്നുണ്ട്. |
| (സി) അന്യസംസ്ഥാനക്കാർ സംസ്ഥാനത്ത് താമസിക്കുന്നത് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിലാകണം എന്ന നിർദ്ദേശം പോലീസിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇന്ത്യൻ ഭരണഘടനയുടെ Article 19 (1) പ്രകാരം ഏതൊരു ഇന്ത്യൻ പൗരനും ഇന്ത്യയിലെവിടെയും ജോലിചെയ്യുന്നതിനുള്ള അവകാശമുണ്ട്. ആയതിനാൽ അന്യസംസ്ഥാനക്കാർ സംസ്ഥാനത്ത് താമസിക്കുന്നത് വ്യക്തമായി രേഖകളുടെ അടിസ്ഥാനത്തിലാകണം എന്ന നിർദ്ദേശം നൽകാനാവില്ല. എന്നിരുന്നാലും കുറ്റകൃത്യങ്ങൾ തടയാനും അപരിചിതരെ തിരിച്ചറിയാനും, ഇവരെ നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് അതാത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാനും SHO മാർക്ക് നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ